LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: പരിഗണിക്കാവുന്നതാണ്.

പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ നടപടികൾ

*2 [152] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, മഞ്ഞളാംകുഴി അലി:

,, കെ. വി. കുഞ്ഞിരാമൻ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പകർച്ച വ്യാധികളെ പ്രതിരോധിക്കാനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പകർച്ച വ്യാധികളെ പ്രതിരോധിക്കാൻ സ്ഥിരസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പകർച്ച വ്യാധികളെ പ്രതിരോധിക്കാനുള്ള ജില്ലാതല സെല്ലുകളുടെയും സംസ്ഥാനതല സെല്ലിന്റെയും പ്രവർത്തനം തൃപ്തികരമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഇ) പകർച്ച വ്യാധികൾ പടർന്ന് പിടിക്കുമ്പോൾ സംസ്ഥാനത്തെ പല ആശുപത്രികളിലും രോഗികൾക്ക് മരുന്നും മറ്റും സേവനങ്ങളും ലഭ്യമാക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ടൂറിസം വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ,

(എ) എല്ലാ പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏകോപിപ്പിച്ചുകൊണ്ടാണ് നടത്തി വരുന്നത്. ഇതിനാവശ്യമായ ഫണ്ട് പ്രധാനമായും ആരോഗ്യവകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കുന്നു. സംസ്ഥാന, ജില്ലാ, താലൂക്ക്, ബ്ലോക്ക് തലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വാർഡു തലത്തിലും പഞ്ചായത്തുതലത്തിലും ദ്രുതകർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റു ഗവൺമെന്റിതര സംഘടനകളും സംയുക്തമായി ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

നടത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തുടനീളം ഫോഗിംഗ്, സ്പ്രേയിംഗ്, ഉറവിടനശീകരണം, ക്ലോറിനേഷൻ തുടങ്ങിയവ കാര്യക്ഷമമായി നടന്നുവരുന്നു.

(ബി) സ്ഥിരസംവിധാനം നിലവിലുണ്ട്. സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പുതലവന്മാർ ഉൾപ്പെടുന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്. ജില്ലാതലത്തിൽ കളക്ടർ ചെയർമാനായി വിവിധ വകുപ്പു ജില്ലാതലവന്മാർ ഉൾപ്പെടുന്ന ഒരു ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയും നിലവിലുണ്ട്. താലൂക്ക് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും സമിതികൾ നിലവിലുണ്ട്. ഇതുകൂടാതെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമ്പോൾ നേരിടാൻ ഒരു ദ്രുതകർമ്മസേന സ്റ്റേറ്റ് തലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജിലേയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല വിദഗ്ദ്ധ സമിതിയും പ്രവർത്തിക്കുന്നുണ്ട്. ആഴ്ചതോറും പകർച്ചവ്യാധി സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കത്തക്കരീതിയിൽ കംപ്യൂട്ടർ ശൃംഖല ഉപയോഗിച്ച് ഒരു പകർച്ചവ്യാധി നിരീക്ഷണ സംവിധാനം നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെ സജ്ജമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും പാകപ്പിഴകൾ കാണുമ്പോൾ അവ പരിഹരിച്ച് ശക്തിപ്പെടുത്തി വരുന്നു.

(ഡി) ഇപ്പോൾ നിലവിലുള്ള ജില്ലാ താലൂക്ക് ആശുപത്രികളോട് അനുബന്ധിച്ചുള്ള ലബോറട്ടറികളിൽ ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിനുപുറമേ തിരുവനന്തപുരത്ത് പബ്ലിക് ഹെൽത്ത് ലാബും എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നു. കൊല്ലം, എറണാകുളം, പാലക്കാട് എന്നീ ജില്ലാ ആശുപത്രികളോടനുബന്ധിച്ചുള്ള റീജിയണൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. എങ്കിലും ഏതെങ്കിലും മരുന്ന് അടിയന്തിരമായി വാങ്ങേണ്ട സാഹചര്യം വന്നാൽ അത് വാങ്ങാൻ ആശുപത്രി സൂപ്രണ്ടുമാർക്കും ചാർജ് മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികൾക്കും ഇതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ മറുപടി പകർച്ചവ്യാധികൾ തടയുന്നതിന് സംസ്ഥാനതലം മുതൽ പഞ്ചായത്ത് വാർഡുകൾവരെ എല്ലാവിധ സംവിധാനങ്ങളും ഒരുക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണ്. എന്നാൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പകർച്ചവ്യാധികളുടെ ശരാശരി കണക്കിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനം ശരാശരിയുടെ ഇരട്ടിയിൽ അധികമാണെന്നാണ്. പകർച്ചവ്യാധികൾ തടയുന്നതിന് വേണ്ടത്ര കഴിഞ്ഞിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽനിന്നും വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ കൂടുതൽ ബോധവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടത് ആരോഗ്യകേന്ദ്രങ്ങൾ വഴിയാണ്. ഇത്തരത്തിലുള്ള 500-ലധികം ആരോഗ്യകേന്ദ്രങ്ങൾ ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഇക്കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിച്ചു എന്നാണ് അറിയേണ്ടത്.

ശ്രീ. പി. ശങ്കരൻ: പകർച്ചവ്യാധികൾ തടയുന്നതിന് സംസ്ഥാന വ്യാപകമായി ആവശ്യമായ നടപടികൾ നടത്തിവരുന്നുണ്ട്. പകർച്ചവ്യാധികൾ പൂർണ്ണമായും തടയാൻ ഒരു കാലത്തും സാധിച്ചിട്ടില്ല. എത്രതന്നെ നടപടികൾ സ്വീകരിച്ചാലും പകർച്ചവ്യാധികൾ ഇന്ത്യയിലും കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് നിലവിലുള്ള ആരോഗ്യ സംവിധാനം കൂടുതൽ മെച്ചപ്പെട്ടതാക്കാനും, കുറ്റമറ്റതാക്കാനും, അതുപോല പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 1300-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകളിലെ നിലവിലുള്ള ഒഴിവുകൾ നികത്താനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്തു വരുന്നു. അതിനുമുമ്പ് 370-ഓളം ഡോക്ടർമാരെ നിയമിക്കാനുള്ള തീരുമാനം ക്യാബിനറ്റ് സ്വീകരിച്ചു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന്, സ്പെഷ്യാലിറ്റി കെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട്, അതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: പകർച്ചവ്യാധികൾ ഏറ്റവും കൂടുതൽ പടർന്നുപിടിക്കുന്നത് കൂലിപ്പണിക്കാർക്കും, സാധാരണ ജനങ്ങൾക്കും, ആദിവാസികൾക്കും അതേപോലെ തീരദേശക്കാരുടെയുമിടയിലാണ്. ഇത് പകരാതിരിക്കണമെങ്കിൽ അതിനുള്ള മുൻകരുതലുകൾ എടുക്കണം. ഏതെല്ലാം തരത്തിലുള്ള മുൻകരുതലുകളാണ് ഇതുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ളത്? അതുപോലെ ആശുപത്രികളിൽ ചെന്നുകഴിയുമ്പോൾ രോഗം തിരിച്ചറിയാനാകാത്ത സാഹചര്യവുമുണ്ട്. അങ്ങനെ രോഗികൾ മരണത്തിലേയ്ക്ക് എത്തിച്ചേരുന്നു. രോഗം കണ്ടുപിടിക്കുന്നതിനുള്ള ഉപകരണങ്ങൾ വേണ്ടത്ര ഇല്ല. ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ശ്രീ. പി. ശങ്കരൻ: സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ വകുപ്പുതലവൻമാരേയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടുള്ള കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതു മാത്രമല്ല കൊതുകു നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. മരുന്നുതളി, ഫോഗിംഗ് മുതലായവ

നടത്തുന്നുണ്ട്. കൊതുകിന്റെ കുത്താടികളെ ഭക്ഷിക്കുന്ന ഗപ്പി, ഗംപോസിയ മുതലായ മൽസ്യങ്ങളെ ചെറിയ ജലാശയങ്ങളിലും കുളങ്ങളിലും കിണറുകളിലും നിക്ഷേപിക്കുന്നുണ്ട്. കൊതുകുവലയുടെ ഉപയോഗം, കൊതുകുകളുടെ നശീകരണത്തിന് ആരോഗ്യ വിദ്യാഭ്യാസം എന്നിവ നടത്തി വരുന്നുണ്ട്. ക്ലോറിനേഷൻ നടത്തുന്നുണ്ട്. തിളപ്പിച്ചാറ്റിയ ശുദ്ധജലം കുടിക്കുന്നതിനും ശുചിത്വം പാലിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നുണ്ട്. എലിപ്പനി വന്നതായി മുൻകാലത്ത് റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ കൂടുതൽ കാര്യക്ഷമമായ ആരോഗ്യ വിദ്യാഭ്യാസം നടത്തുന്നുണ്ട്. മാലിന്യം കെട്ടിക്കിടക്കുന്നതിനെക്കുറിച്ചും, പാദരക്ഷകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും പത്രപ്രസ്താവനകളിലൂടെയും പരസ്യങ്ങളിലൂടെയും ജനങ്ങളെ അറിയിക്കുന്നുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരളത്തിന്റെ അഭിമാനമായ ഡെൽഹി കേരള ഹൗസിൽ വൻതോതിൽ മാരകമായ പകർച്ചവ്യാധി പടർന്നുപിടിക്കുന്നതായ വാർത്ത പത്രങ്ങളിൽ വരുന്നു. കേരള ഹൗസിന്റെ കോമ്പൗണ്ടിലേയ്ക്ക് വെറുതെ ഒന്ന് നോക്കിയാൽ പോലും മഞ്ഞപ്പിത്തവും പനിയുമൊക്കെ പടർന്നുപിടിക്കുകയാണ്. മന്ത്രിമാരടക്കം ഡെൽഹിയിൽ പോയാൽ പുറത്ത് ഹോട്ടലിലാണ് താമസിക്കുന്നത്. രണ്ട് ദിവസം മുറിയെടുത്ത് സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാൻ പോയ ഉദ്യോഗാർത്ഥികൾക്ക് രണ്ടാഴ്ച കഴിഞ്ഞിട്ടും പുറത്ത് വരാൻ പറ്റുന്നില്ല. അവർ ഇപ്പോൾ കേരള ഹൗസിൽ കിടക്കുകയാണ്. ഇത് പരിഹരിക്കാനായിട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. ശങ്കരൻ: ഇത് പരിഹരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ്സ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ എച്ച്.ഐ.വി. ബാധിതരും അതുപോലെതന്നെ ഹെപ്പറ്റൈറ്റിസ് ബി ഉള്ളവരും നമ്മുടെ കേരളത്തിലാണ്. ഹെപ്പറ്റൈറ്റിസ് ബി ബാധിച്ചാൽ ഫലപ്രദമായ ചികിത്സ വളരെ എക്സ്പെൻസീവാണ്. ഈ സാഹചര്യത്തിൽ ഹെപ്പറ്റൈറ്റിസ് ബി-ക്കെതിരെ പ്രതിരോധ കുത്തിവെയ്പ് വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. പി. ശങ്കരൻ: ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ രോഗങ്ങൾക്ക് ആവശ്യമായ ചികിത്സ നൽകാൻ, അതും വളരെ വേഗത്തിൽ നൽകാനുള്ള നടപടികൾ എല്ലാ സ്ഥലത്തും സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ ആശുപത്രികളിൽ അതിന് പ്രത്യേകമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: പകർച്ചവ്യാധികൾ തടയുന്നതിനും ജനങ്ങളെ അതിൽ നിന്ന് രക്ഷിക്കുന്നതിനും തീർത്തും പരാജയപ്പെട്ട ഒരു വകുപ്പാണ് ആരോഗ്യവകുപ്പ് എന്നുപറയുന്നതിൽ യാതൊരു തെറ്റുമില്ല. പ്രൈമറി ക്യാമ്പിൽ എൻഡോസൾഫാൻ ബാധിതനാണെന്ന് കണ്ടെത്തിയ എന്റെ ജില്ലയിലെ പെരിയ പ്ലാന്റേഷന്റെ ഭാഗമായി താമസിക്കുന്ന ജയകൃഷ്ണൻ എന്ന രണ്ടര വയസ്സുകാരൻ ഇന്നലെ മരിച്ചു. അതിന്റെ ഒരു തുടർച്ച എന്നുള്ള നിലയിൽ ഒരു കാര്യവും ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പ് ശ്രമിച്ചിട്ടില്ല. മന്ത്രി പറഞ്ഞ ഒരു കാര്യം ഇവിടെ മുഴങ്ങി നിൽക്കുന്നു. മൂന്ന് കോടി ജനങ്ങൾ താമസിക്കുന്ന കേരളത്തിൽ 50 പേർ പകർച്ചവ്യാധി വന്നോ പനി വന്നോ മരിക്കുന്നത് വലിയ കാര്യമാണോ എന്ന് ചോദിച്ച ഒരു മന്ത്രിയുണ്ട്. ആരോഗ്യവകുപ്പും തദ്ദേശഭരണ വകുപ്പും കൂടിയാണ് ഇത് ചെയ്യുന്നത്. 7 കോടി രൂപ തദ്ദേശ വകുപ്പും അതുപോലെ ആരോഗ്യ വകുപ്പും കൊടുക്കാമെന്ന് പറഞ്ഞു. പകർച്ചവ്യാധി തടയുന്നതിന് വേണ്ടിയുള്ള ക്രീയാത്മകമായ പദ്ധതികൾക്ക് ആ തുക എങ്ങനെയാണ് വിനിയോഗിച്ചത് എന്ന് മന്ത്രിമാർ വിശദീകരിക്കണം.

ശ്രീ. പി. ശങ്കരൻ: ഇതിന് പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ പറയാൻ സാധിക്കു. എന്തായിരുന്നാലും പോയ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം പകർച്ചവ്യാധികൾ വളരെ കൂടിയ അളവിൽ തടയാൻ സാധിച്ചിട്ടുണ്ട്. അതിനർത്ഥം ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ കുറവാണ്. അതുപോലെതന്നെ പകർച്ചവ്യാധികളിൽ നിന്ന് മോചിതരാകുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ആ കണക്കുകൾ തന്നെ വ്യക്തമാക്കുന്നത്, ഈ രംഗത്ത് ആരോഗ്യവകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുകയും നല്ല റിസൽട്ട് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്നാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഇപ്പോൾ പകർച്ചവ്യാധികൾ കേരളത്തിൽ ദേശീയ ശരാശരിക്ക് മുകളിലായി വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്ത് ആയിരം ആളുകളിൽ 110 പേർക്ക് പകർച്ചവ്യാധി ഉണ്ടാകുന്നുണ്ട്. ദേശീയ ശരാശരി പറയുന്നത് 1000-ൽ 50 പേർക്കാണ്. ഇതിനൊരു പ്രധാനപ്പെട്ട കാരണം, പല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരും മറ്റ് സൗകര്യങ്ങളുമില്ലാത്തതുകൊണ്ടാണ്. കാസർഗോഡ് ജില്ലയോട് ചേർന്നുകിടക്കുന്ന കർണ്ണാടകയിലും മംഗലാപുരത്തും വ്യാപകമായ തോതിൽ കോളറയും മലേറിയയും പടർന്നുപിടിക്കുകയാണ്. കാസർഗോഡ് ജില്ലയോടു തൊട്ടുകിടക്കുന്ന മംഗലാപുരത്തെ ഒരു കോളേജിലെ രണ്ട് വിദ്യാർത്ഥിനികൾ കഴിഞ്ഞ ദിവസം കോളറ മൂലം മരിച്ച വാർത്ത പത്രങ്ങളിൽ വന്നിട്ടുണ്ട്. കർണ്ണാടകയിൽ ഉണ്ടാകുന്ന കോളറയും മലേറിയയുമൊക്കെ ഏറ്റവുമധികം ബാധിക്കുന്നത് കാസർഗോഡ് ജില്ലയിലെ ജനങ്ങളെയാണ്. ഈ സാഹചര്യത്തിൽ കാസർഗോഡ്, മലേറിയയും കോളറയും ബാധിക്കാതിരിക്കാനാവശ്യമായ അടിയന്തിരമായ, ഫലപ്രദമായ ഇടപെടൽ തദ്ദേശസ്വയംഭരണ വകുപ്പിനെകൂടി ഉൾപ്പെടുത്തികൊണ്ട് നടത്താനാവശ്യമായ സംവിധാനമുണ്ടാക്കാൻ കഴിയുമോ?

ശ്രീ. പി. ശങ്കരൻ: സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പുമായിട്ട് കൂടി ചേർന്നുകൊണ്ടാണ് ആരോഗ്യവകുപ്പ് പകർച്ചവ്യാധികളെ നേരിടാൻ വേണ്ട പ്രവർത്തനം നടത്തുന്നത്. കാസർഗോഡ് ജില്ലയിലെ പകർച്ചവ്യാധി സംബന്ധമായ കാര്യങ്ങളെക്കുറിച്ച് സംസ്ഥാന ആരോഗ്യവകുപ്പിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാസർഗോഡ് ജില്ലകളിൽ മാത്രമല്ല മറ്റ് ജില്ലകളിലും പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയാനാവശ്യമായ നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എലിപ്പനി cleanness ഇല്ലാത്തതു കൊണ്ടും മറ്റ് പല സാഹചര്യങ്ങൾ കൊണ്ടുമാണുണ്ടാകുന്നത്. അടുത്തകാലത്തായി എലിപ്പനി ധാരാളമായി കാണുന്നുണ്ട്. അതിനുള്ള പ്രതിരോധ നടപടികൾ വളരെ ദുർബലമാണ്. മാത്രമല്ല ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ അതിനുള്ള മരുന്ന് കാര്യമായില്ലെന്നാണ് പറയുന്നത്. സാധുക്കളായ ആളുകൾക്ക് വളരെ ദീർഘദൂരം യാത്ര ചെയ്ത് ഇതിന് ചികിത്സ കണ്ടെത്താൻ പ്രയാസമായതുകൊണ്ട് താലൂക്ക് ആശുപത്രി ലെവലില്ലെങ്കിലും ഇങ്ങനെയുണ്ടാകുന്ന മാരകരോഗങ്ങൾ തടയുന്നതിന് ആവശ്യമായ മരുന്നുകൾ അടിയന്തിരമായി നൽകുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. ശങ്കരൻ: സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും എലിപ്പനി പ്രതിരോധിക്കാനാവശ്യമായ എല്ലാ വിധ മരുന്നുകളും ഇന്ന് ലഭ്യമാണ്. ഏതെങ്കിലും ആശുപത്രികളിൽ മരുന്ന് ലഭ്യമല്ലെന്നുള്ള പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. അഥവാ ഏതെങ്കിലും സന്ദർഭത്തിൽ അത്തരം പരാതികൾ ലഭിച്ചാൽ ഉടൻ തന്നെ സംസ്ഥാന ആരോഗ്യവകുപ്പിന്റെയും ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഡി.എം.ഒ. ഓഫീസിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ അവിടെ മരുന്ന് എത്തിക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾ തന്നെയുണ്ട്.

ശ്രീ. എ. കെ. ബാലൻ: പാലക്കാട് ജില്ലയിൽ പകർച്ചവ്യാധി രോഗങ്ങൾ വ്യാപകമായിട്ട് വരികയാണ്. ഇതിൽ കോളറ 19 കേസുകളിൽ 2 പേർ മരിച്ചു. മലേറിയ 5 കേസാണ് ആശുപത്രിയിൽ വന്നത്. ഇതിൽ ഫീൽഡ് സ്റ്റാഫിന്റെ കുറവാണ് വളരെ പ്രധാനപ്പെട്ട ഒരു കാര്യം. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ ആവശ്യം പോലെയില്ല. ഫീൽഡ് സ്റ്റാഫിന്റെ കുറവ് കൊണ്ടാണ് ആരോഗ്യ വിദ്യാഭ്യാസം ഉദ്ദേശിക്കുന്ന രീതിയിൽ നടക്കാത്തത്. എന്റെ ചോദ്യം, കൃത്രിമമായി കൊതുകുകളെ വളർത്തുന്ന ചില കമ്പനികൾ എറണാകുളം കേന്ദ്രീകരിച്ചുകൊണ്ട് ഉണ്ടെന്നുള്ളത് പത്രങ്ങളിൽ വന്നു. നമ്മൾ എന്ത് പ്രതിവിധിയുണ്ടാക്കിയാലും കൃത്രിമമായി ചില കമ്പനികൾ ഈ രൂപത്തിലുള്ള അണുക്കളെ ഉണ്ടാക്കുകയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ഇല്ലായ്മ ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ശക്തമായ നിലപാടെടുക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇത്തരം കൃത്രിമമായ കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നുള്ള കാര്യം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊതുകുകളെ വളർത്താൻ വേണ്ടി പ്രവർത്തിക്കുന്ന ഇത്തരം കമ്പനികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് ഗൗരവമായി ആരോഗ്യവകുപ്പ് കാണും. അതിനാവശ്യമായ നടപടി സ്വീകരിക്കും. ഫീൽഡ് സ്റ്റാഫിന്റെ കുറവാണ് ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കും ആരോഗ്യ വിദ്യാഭ്യാസത്തിനും തടസ്സമായി നിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് മുൻകൂട്ടി കണക്കിലെടുത്തുകൊണ്ടാണ് ക്യാബിനറ്റ്, ഡോക്ടർമാർ ഉൾപ്പെടെയുള്ള 1500-ഓളം തസ്തികകൾ പുതിയതായി സൃഷ്ടിക്കാനും അതുവഴി കുറവ് പരിഹരിക്കാനും നടപടികൾ എടുത്തുവരുന്നത് എന്ന് നേരത്തെ തന്നെ സൂചിപ്പിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : സർ, പകർച്ച വ്യാധികൾ പടർന്നു പിടിക്കുമ്പോൾ താൽക്കാലികമായി കുറെ ആശ്വാസം പ്രഖ്യാപിക്കുകയും ആ കിട്ടുന്ന പണത്തിന്റെ പേരിൽ ചില കെട്ടിടങ്ങൾ നിർമ്മിക്കുകയും ഒക്കെ ചെയ്യുന്ന നടപടികൾ വർഷങ്ങളായി നമ്മുടെ നാട്ടിൽ നടന്നുവരികയാണ്. യഥാർത്ഥത്തിൽ കുടിവെള്ളം, ശുദ്ധജലം ഇവ ലഭ്യമാക്കുക എന്നത് പകർച്ചവ്യാധിയെ തടയാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമായി കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ മറ്റ് മാലിന്യങ്ങളൊക്കെ നിർമ്മാർജ്ജനം ചെയ്തുകൊണ്ട് ശുചിത്വപൂർണ്ണമായ ജീവിതരീതിയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ സാധാരണ കേൾക്കുന്ന പകർച്ച വ്യാധിക്കു പുറമേ ഇടുക്കി ജില്ലയിൽ ആയിരക്കണക്കിന് ആളുകൾക്ക് ക്യാൻസർ പിടിക്കുന്നതായി ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. ഭീതിതമായ ഒരു റിപ്പോർട്ട് പുറത്തു വന്നിട്ടുണ്ട്. അത് തോട്ടം മേഖലകളിൽ കീടനാശിനികളുടെ അമിതമായ പ്രയോഗം മൂലമാണെന്ന് കണ്ടെത്തിയതായി പത്രങ്ങളും അതുപോലെതന്നെ ദൃശ്യമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം നടപടികൾ തടയുന്നതിനുവേണ്ടി കുറെക്കൂടി ഫലപ്രദമായ നടപടികൾ—കുറെ പണം അനുവദിക്കുന്നു മരുന്ന് അനുവദിക്കുന്നു. ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നു എന്നതിൽ നിന്ന് വ്യത്യസ്തമായി—കുറെക്കൂടി കോൺക്രീറ്റായി ഒരു ആലോചനയും ചർച്ചയും നടത്തി ഇതിനെ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ : സർ, ഏതെങ്കിലും ജില്ലയിൽ പ്രത്യേകമായി ഏതെങ്കിലും രോഗം വ്യാപകമായി പടർന്നു പിടിക്കുന്നുണ്ടെങ്കിൽ ആ ജില്ലകളിൽ പ്രത്യേക ശ്രദ്ധയും അതിനനുസരിച്ച് ആവശ്യമായ ജില്ലാതലത്തിലുള്ള യോഗങ്ങളും വിളിച്ചു ചേർക്കാൻവേണ്ടി ഡി.എം.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടക്കുന്നത് നിരീക്ഷിക്കുകയും ചെയ്യാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പകർച്ച വ്യാധികളും സാംക്രമിക രോഗങ്ങളും വ്യാപകമായി വർദ്ധിക്കുന്നത് ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ പ്രധാനപ്പെട്ട വിഷയമാണ് ചോദിക്കുന്നത്. തൃശ്ശൂരിൽ മലേറിയ വ്യാപകമായി വർദ്ധിക്കുന്നതായി കഴിഞ്ഞ രണ്ടാഴ്ചയായി ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഡി.എം.ഒ. ആഫീസിൽ താഴേതലങ്ങളിൽനിന്ന് വേണ്ടത്ര വിവരം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതിയും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജിലും അതുപോലെ തൃശ്ശൂരിലെ മറ്റ് ആശുപത്രികളിലും മരുന്നും മറ്റ് രോഗ പ്രതിരോധ പ്രവർത്തനങ്ങളും നടത്തി മലേറിയ ഫലപ്രദമായി തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? തൃശ്ശൂരിൽ എന്തുകൊണ്ടാണ് ഇത് വർദ്ധിച്ചത് എന്നതിനെ സംബന്ധിച്ച് പ്രത്യേകമായ ഒരു പരിശോധന കൂടി നടത്തുമോ ?

ശ്രീ. പി. ശങ്കരൻ : സർ, ഗവൺമെന്റിന് ലഭ്യമായ കണക്കുകൾ അനുസരിച്ച് തൃശ്ശൂരിൽ മലേറിയ ആണെന്ന് കൺഫേംഡ് ആയ ഒരു കേസ് മാത്രമെയുള്ളു. ജനുവരി മാസം മുതൽ ഇതുവരെ റിപ്പോർട്ട് ചെയ്തത് ആകെ 57 കേസാണ്.

നേരെമറിച്ച് 138 കേസുകൾ തിരുവനന്തപുരത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ഒറ്റ ഒന്നുപോലും കൺഫേംഡ് അല്ല. കൺഫേംഡായിട്ടുള്ളത് തൃശ്ശൂരാണ്. പക്ഷേ കേസുകളുടെ എണ്ണം തിരുവനന്തപുരവുമായി താരതമ്യപ്പെടുത്തുമ്പോൾ നേർ പകുതിയിൽ കുറവ് മാത്രമേയുള്ളൂ.

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽ പ്രമാണം ഗ്രാമ പഞ്ചായത്തിലെ കുളനടകുടി പട്ടികജാതി കോളനിയിൽ മഞ്ഞപ്പിത്തം വ്യാപക മായിരിക്കുകയാണ്. ഇപ്പോൾ അവിടെ 25-ൽ അധികം ആളുകൾ മഞ്ഞപ്പിത്തം ബാധിച്ച് കിടക്കുകയാണ്. ഈ പാവപ്പെട്ട ആളുകൾ കൂലിവേല ചെയ്തു ജീവിക്കുന്നവരാണ്. അവർക്ക് ഇതുവരെയും ആവശ്യമായ ചികിൽസാ സൗകര്യം ലഭ്യമായിട്ടില്ല. മാത്രമല്ല കൂലിവേല ചെയ്തു ജീവിക്കുന്ന ആളുകൾ എന്നുള്ള നിലയിൽ ജോലിക്കു പോകാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ അവർ പട്ടിണിയിൽ കഴിയുകയാണ്. ഇത്തരം മേഖലകൾ പരിശോധിച്ച് അവർക്ക് സൗജന്യ റേഷനും അടിയന്തിര സാമ്പത്തിക സഹായവും നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: സർ, ഒരു പൊതുകാര്യമാണ്. ഏറ്റവും പാവപ്പെട്ട ആൾക്കാരെയാണ് സാധാരണ രോഗങ്ങൾ ഏറ്റവും വേഗത്തിൽ കടന്നു പിടിക്കുന്നത്. അതുകൊണ്ടുതന്നെ പാവപ്പെട്ട ആൾക്കാർക്ക് സൗജന്യമായി ചികിൽസ നൽകാനുള്ള സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ഇന്ന് നിലവിലുണ്ട്. കൂടുതൽ പാവപ്പെട്ട ആൾക്കാർക്ക് ഇത്തരം സന്ദർഭങ്ങളിൽ ഏതെങ്കിലും സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ മറ്റ് വല്ല റിക്കാർഡും ഹാജരാക്കാതെ തന്നെ സൗജന്യ ചികിൽസ നൽകിക്കൊള്ളണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ ഭീതിക്ക് അവകാശമില്ല.

ശ്രീ. എം. വി. ജയരാജൻ : സർ, 2003 ജനുവരി മാസം 24 - ാം തീയതി, ആ സമയത്ത് കേരളത്തിൽ വ്യാപകമായ പകർച്ചവ്യാധി പ്രശ്നം ഈ സഭയുടെ മുമ്പാകെ വന്നപ്പോൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നമുക്ക് ഒരു ഉറപ്പ് നൽകിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 7 കോടി രൂപ പകർച്ചവ്യാധി തടയാനും മാലിന്യനിക്ഷേപങ്ങളെല്ലാം ഒഴിവാക്കാൻ വേണ്ടിയിട്ടുള്ള വിവിധ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുമെന്ന് പറഞ്ഞു. അതിൽ എത്ര തുക വിനിയോഗിച്ചു എന്നത് സംബന്ധിച്ച് വല്ല കണക്കും സർക്കാരിന്റെ കൈയിലുണ്ടോ? അത് അവലോകനം ചെയ്തിട്ടുണ്ടോ, കേരളത്തിലെ പകർച്ച വ്യാധി തടയുന്നതിനുവേണ്ടിയുള്ള ഈ പദ്ധതി എത്രത്തോളം സഹായകര മായിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ : സർ, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടുള്ള തായതുകൊണ്ട് ഈ ചോദ്യത്തിന് എളുപ്പത്തിൽ എനിക്ക് മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീമതി മാലേത്ത് സരളാദേവി : സർ, ഏറ്റവും കൂടുതൽ പകർച്ചവ്യാധി രോഗമായി ഇന്ന് നിലനിൽക്കുന്നത് ഹെപ്പറ്റൈറ്റിസ് എ-യും ബി-യുമാണ്. ഇതിന് രക്തം പരിശോധിക്കണമെങ്കിൽ ജില്ലാ ആശുപത്രിയിലും മെഡിക്കൽകോളേജിലും മാത്രമേ ഇന്ന് സൗകര്യമുള്ളു. ശരിയായ രക്ത പരിശോധനയ്ക്ക് ഒരു ദിവസം ജില്ലാ ആശുപത്രിയിൽ 12 പേർക്ക് മാത്രമേ സംവിധാനം ഒരുക്കിയിട്ടുള്ളു. ഹെപ്പറ്റൈറ്റിസ് എ-യും ബി-യും, ഈ പകർച്ചവ്യാധി ബാധിച്ചാൽ മരണത്തിൽ കലാശിക്കുന്ന മാരകമായ രോഗമാണ്. സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽകൂടി രക്തം പരിശോധിക്കുന്നതിനുവേണ്ടി സൗകര്യം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ : സർ, ഇത് പ്രായോഗികമായി അല്പം പ്രയാസമുണ്ട്. ജില്ലാ ആശുപത്രികളിൽ മാത്രമെ ഇപ്പോൾ അതിനുള്ള സംവിധാനമുള്ളു.

വയനാട്ടിൽ ആദിവാസികളെ കൂട്ടവന്ധ്യംകരണത്തിന് വിധേയമാക്കിയ നടപടി

* 3 [153] ശ്രീ. എം. വി. ജയരാജൻ:

,, വി. കെ. ചന്ദ്രൻ:

,, കെ. പി. സതീശ് ചന്ദ്രൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആദിവാസികളെ കൂട്ടവന്ധ്യംകരണത്തിന് വിധേയമാക്കിയതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) കുടുംബാസൂത്രണം സംബന്ധിച്ച് കേന്ദ്ര ആരോഗ്യവകുപ്പിന്റെ ഇക്കാര്യത്തിലുള്ള പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; അവ വയനാട്ടിലെ വന്ധ്യംകരണ നടപടിയിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ആദിവാസികളെ കൂട്ടവന്ധ്യംകരണം നടത്തുന്നത് നിർത്തിവയ്ക്കണമെന്നും വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് മതിയായ പരിചരണം ലഭ്യമാക്കണമെന്നും ജില്ലയിലെ ആരോഗ്യവകുപ്പ് അധികൃതർക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിരുന്നോ;